ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 10.08.2025**

## പ്രധാനവാർത്തകൾ

1. ജനങ്ങളുടെ സജീവ പിന്തുണയിൽ 2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം സാധ്യമാക്കാനാണ് സർക്കാരിൻറെ ശ്രമമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. സംസ്ഥാനത്ത് ഭൂവിനിയോഗ വകുപ്പ് നടപ്പാക്കുന്ന സമുചിത വിള നിർണയ പദ്ധതിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തുടക്കം കുറിക്കും.

3. കേരളത്തിലെ 11 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി മന്ത്രി വീണാ ജോർജ്.

4. തൃശ്ശൂരിലെ വോട്ടർപട്ടിക ക്രമക്കേട് ആരോപണത്തിൽ മുൻ മന്ത്രി വി എസ് സുനിൽകുമാറിന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ നോട്ടീസ് അയച്ചു. സമ്മതിദായകരെ അപമാനിക്കാനാണ് സിപിഐ-എമ്മിൻറെയും കോൺഗ്രസിൻറേയും ശ്രമമെന്ന് ബി ജെ പി.

RNU TVPM

5. ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ വഞ്ചിപ്പാട്ട് മത്സരത്തിന് തുടക്കമായി.

**&&&&&&&&&&&&&&&&&**

<u>പ്രധാനമന്ത്രി ബംഗളൂരുവിൽ (ഇൻട്രോ)</u>

ജനങ്ങളുടെ സജീവ പിന്തുണയിൽ 2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം സാധ്യമാക്കാനാണ് സർക്കാരിൻറെ ശ്രമമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബംഗളൂരുവിൽ നമ്മ മെട്രോയുടെ മൂന്നാം ഘട്ടം ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2014 ന് മുമ്പ് ദുർബലമായ 10 രാജ്യങ്ങളിൽ ഒന്നായിരുന്ന ഇന്ത്യ ഇന്ന് പരിഷ്കാരങ്ങൾ, പരിവർത്തനം എന്നിവയിലൂടെ വികസനയാത്ര തുടരുകയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(വോയിസ്)

മൂന്നു വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളും പ്രധാനമന്ത്രി രാവിലെ നടന്ന ചടങ്ങിൽ രാജ്യത്തിന് സമർപ്പിച്ചു. ബംഗളൂരു മെട്രോയുടെ യെല്ലോ ലൈനും അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു.

**&&&&&&&&&&&&&&&&&**

<u>വോട്ടർപട്ടിക</u>

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ഇന്നലെയും ഇന്നും തദ്ദേശസ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിച്ചു. കരട് വോട്ടർപട്ടിക പുതുക്കുന്നതിന് മറ്റന്നാൾ വരെ സമയം അനുവദിച്ചിട്ടുണ്ട്. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

RNU TVPM

&&&&&&&&&&&&&&&&&

<u>തെരഞ്ഞെടുപ്പ് കമ്മീഷൻ</u>

തൃശ്ശൂരിലെ വോട്ടർപട്ടികയിൽ ക്രമക്കേട് നടന്നതുമായി ബന്ധപ്പെട്ട് ഉന്നയിച്ച ആരോപണത്തിൽ മുൻ മന്ത്രി വി എസ് സുനിൽകുമാറിന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ നോട്ടീസ് അയച്ചു. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് സുതാര്യമായ രീതിയിലാണ് വോട്ടർ പട്ടിക തയ്യാറാക്കുന്നതെന്ന് ശ്രീ രത്തൻ. യു. ഖേൽക്കർ വ്യക്തമാക്കി. ഹൈക്കോടതിയിൽ തെരഞ്ഞെടുപ്പ് പെറ്റീഷൻറെ രൂപത്തിൽ മാത്രമേ തെരഞ്ഞെടുപ്പ് ഫലം ചോദ്യം ചെയ്യാൻ സാധിക്കുകയുള്ളൂയെന്ന് നോട്ടീസിൽ പറയുന്നു. മുൻ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർക്കെതിരെ വി എസ് സുനിൽകുമാർ ഉന്നയിച്ച ആരോപണങ്ങളെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ശക്തമായി അപലപിച്ചു.

RIU TVPM

&&&&&&&&&&&&&&&&&

<u>വോട്ടർപട്ടിക വിവാദം- മന്ത്രി കെ. രാജൻ **INTRO-**</u>

തൃശൂരിലെ വോട്ടർപട്ടിക ക്രമക്കേട് ആരോപണത്തിൽ പരിശോധനയും നടപടിയും ആവശ്യമാണെന്ന് മന്ത്രി കെ. രാജൻ. ഇത്തരം കൃത്രിമങ്ങൾ അംഗീകരിക്കാൻ സാധിക്കില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&

<u>എം ടി രമേശ്</u>

ബിജെപി പ്രവർത്തകരുടെ കഠിന പ്രവർത്തനമാണ് തൃശ്ശൂരിൽ ശ്രീ.സുരേഷ് ഗോപിയുടെ മികച്ച വിജയമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി. രമേശ്. തൃശ്ശൂരിലെ വോട്ടർമാരെ അപമാനിക്കാനാണ് സിപിഎമ്മിൻറെയും കോൺഗ്രസിന്റെയും നേതൃത്വം ശ്രമിക്കുന്നതെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

**&&&&&&&&&&&&&&&&&**

## മന്ത്രി വീണാ ജോർജ്- എൻ.ക്യു.എ.എസ്

സംസ്ഥാനത്തെ 11 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി മന്ത്രി വീണാ ജോർജ്. ഇതോടെ ഈ നേട്ടം കൈവരിച്ച സ്ഥാപനങ്ങളുടെ എണ്ണം 251 ആയി. 8 ജില്ലാ ആശുപത്രികൾ, 6 താലൂക്ക് ആശുപത്രികൾ, 13 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. ആരോഗ്യ മേഖലയിലെ വികസന മുന്നേറ്റത്തിൻറെ തെളിവാണ് ഈ അംഗീകാരമെന്നും ആരോഗ്യ മന്ത്രി അറിയിച്ചു.

RNU TVPM

**&&&&&&&&&&&&&&&&&**

## ഹർ ഘർ തിരംഗ കേന്ദ്രിയ വിദ്യാലയത്തിൽ

ഹർ ഘർ തിരംഗ, ഹർ ഘർ ശുചിത്വ പരിപാടിയോടനുബന്ധിച്ച് തിരുവനന്തപുരം പട്ടം പി എം ശ്രീ കേന്ദ്രിയ വിദ്യാലയത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. രംഗോലി നിർമിക്കുകയും തിരംഗ ആശയത്തെ അടിസ്ഥാനമാക്കി വിദ്യാലയ ഭിത്തികൾ അലങ്കരിക്കുകയും

വിദ്യാർത്ഥികൾ സൈനികർക്ക് കത്തുകൾ എഴുതി തയാറാക്കുകയും ചെയ്തു.

**&&&&&&&&&&&&&&&&&**

<u>തിരുവനന്തപുരം-വാഹന അപകടം</u>

തിരുവനന്തപുരം ജനറൽ ആശുപത്രിക്ക് സമീപം അമിതവേഗതയിലെത്തിയ കാർ നിയന്ത്രണംവിട്ട് നടപ്പാതയിലേക്ക് ഇടിച്ചു കയറി അഞ്ച് പേർക്ക് പരിക്ക്. ഇതിൽ നാലു പേരുടെ നില ഗുരുതരമാണ്. സമീപത്ത് നിർത്തിയിട്ടിരുന്ന ഓട്ടോയിലും കാർ ഇടിച്ചു. ഡ്രൈവിങ് പഠിപ്പിക്കുന്നതിനിടെയാണ് അപകടമെന്നാണ് പ്രാഥമിക വിവരം.

**&&&&&&&&&&&&&&&&&**

RIJU TVPM

<u>വി. ശിവൻകുട്ടി- തേവലക്കര</u>

കൊല്ലം തേവലക്കര സ്കൂളിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥി മിഥുൻറെ കുടുംബത്തിന് നിർമ്മിച്ച് നൽകുന്ന പുതിയ വീടിന് മന്ത്രി വി. ശിവൻകുട്ടി തറക്കല്ലിട്ടു. മിഥുൻറെ അനുജൻറെ വിദ്യാഭ്യാസ ചെലവുകൾ പൂർണ്ണമായും സർക്കാർ വഹിക്കുമെന്ന് അദ്ദേഹം അറിയിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിൻറെ സഹായത്തോടെ സ്കൗട്ട്സ് & ഗൈഡ്സിൻറെ നേതൃത്വത്തിലാണ് നിർമാണം.

**&&&&&&&&&&&&&&&&&**

<u>കണ്ണൂർ - മുഖ്യമന്ത്രി - ഉദ്ഘാടനം (ഇൻട്രോ)</u>

സംസ്ഥാനത്തെ 10 പഞ്ചായത്തുകളിൽ ഭൂവിനിയോഗ വകുപ്പ് നടപ്പാക്കുന്ന സമുചിത വിള നിർണയ പദ്ധതിയുടെ

സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കണ്ണൂരിൽ നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..**

(വോയിസ്)

**&&&&&&&&&&&&&&&&&**

<u>മന്ത്രി കെ. രാജൻ-തൃശ്ശൂർ സുവോളജിക്കൽ പാർക്ക്</u>

തൃശ്ശൂർ സുവോളജിക്കൽ പാർക്കിൽ പെറ്റ് സൂ, വെർച്വൽ സൂ തുടങ്ങിയവയുടെ നിർമാണം ഈ മാസം ആരംഭിക്കുമെന്ന് മന്ത്രി കെ. രാജൻ. സുവോളജിക്കൽ പാർക്കിലെ ഡിയർ സഫാരി പാർക്കിന്റെ നിർമ്മാണ ഉത്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. നിർമ്മിതബുദ്ധിയുടെ സഹായത്തോടെ കുട്ടികൾക്ക് സഫാരി സൂ - അനുഭവങ്ങൾ വെർച്വലായി കാണാൻ സാധിക്കുന്ന പ്രത്യേക സംവിധാനമാണ് ഇവിടെ ഒരുക്കുന്നതെന്നും മന്ത്രി പറഞ്ഞു.

RNU TVPM

**&&&&&&&&&&&&&&&&&**

<u>പ്രവാസി - വാണിജ്യകൃഷി (ഇൻട്രോ)</u>

സംസ്ഥാനത്ത് പ്രവാസികളുടെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന കൃഷിഭൂമി പ്രയോജനപ്പെടുത്തി ഹോർട്ടികൾച്ചർ വിളകളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി ആരംഭിക്കുന്നു. പദ്ധതിയുടെ ആദ്യഘട്ടത്തിന് മറ്റെന്നാൾ പത്തനംതിട്ടയിൽ തുടക്കമാകും.

വിശദാംശ ങ്ങളിലേക്ക്.....
(വോയിസ്)

**&&&&&&&&&&&&&&&&&**

**<u>IIST</u>**

കേന്ദ്ര ബഹിരാകാശ വകുപ്പിന് കീഴിലുള്ള IIST - കൾ അക്കാദമിക സ്ഥാപനങ്ങൾ മാത്രമല്ലെന്നും മികച്ച ബഹിരാകാശ ശാത്രജ്ഞരെയും സാങ്കേതിക വിദഗ്ധരെയും വാർത്തെടുക്കുന്ന അതുല്യ സ്ഥാപനങ്ങളാണെന്നും ISRO ചെയർമാൻ ഡോ. വി നാരായണൻ. തിരുവനന്തപുരം വലിയമല ഐ ഐ എസ് ടി യുടെ പതിമൂന്നാമത് ബിരുദദാന ചടങ്ങിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കാലാവസ്ഥ പ്രവചനം, ദുരന്ത പ്രതികരണം, ഭക്ഷ്യസുരക്ഷാ തുടങ്ങി നിരവധി മേഖലകളിൽ മികവ് കൈവരിക്കാൻ ഇന്ത്യൻ ഉപഗ്രഹങ്ങൾക്ക് സാധിക്കുന്നതായും ഡോ. വി.നാരായണൻ പറഞ്ഞു.

RINU TVPM

**&&&&&&&&&&&&&&&&&**

**<u>രാജീവ് ചന്ദ്രശേഖർ.</u>**

ലോക് സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനെതിരെ ഉന്നയിക്കുന്ന ആരോപണങ്ങളെല്ലാം പൊളിയുകയാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. നേതൃത്വത്തെ ചോദ്യം ചെയ്യുന്നതിൽ നിന്ന് കോൺഗ്രസ് പ്രവർത്തകരുടെ ശ്രദ്ധ തിരിക്കാനാണ് രാഹുൽ ഗാന്ധി ഇത്തരം

ആരോപണങ്ങൾ ഉന്നയിക്കുന്നതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

&&&&&&&&&&&&&&&&&

<u>വഞ്ചിപ്പാട്ട് മത്സരം (ഇൻട്രോ)</u>

പത്തനംതിട്ട ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡും ആറന്മുള പള്ളിയോട സേവാ സംഘവും ചേർന്ന് നടത്തുന്ന വഞ്ചിപ്പാട്ട് മത്സരമായ ദേവസങ്കീർത്തന സോപാനത്തിന് തുടക്കമായി. ഈ മാസം 30- ന് ഫൈനൽ നടക്കും.

ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി

ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

&&&&&&&&&&&&&&&&&

<u>വ്യാജ ഓൺലൈൻ ട്രേഡിംഗ്</u>

വ്യാജ ഓൺലൈൻ ട്രേഡിംഗിലൂടെ കണ്ണൂർ മട്ടന്നൂർ സ്വദേശിയായ ഡോക്ടറുടെ 4 കോടി 43 ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ ചെന്നൈ സ്വദേശികൾ അറസ്റ്റിലായി. വാട്ട്സാപ്പ് വഴി ബന്ധപ്പെട്ട് ഓൺലൈൻ ഷെയർ ട്രേഡിംഗ് വഴി മികച്ച വരുമാനം നൽകുമെന്ന് വിശ്വസിപ്പിച്ച് ഇവർ കബളിപ്പിക്കുകയായിരുന്നു. കണ്ണൂർ സിറ്റി സൈബർ ക്രൈം പോലീസ് സ്റ്റേഷനിലെ അന്വേഷണ സംഘമാണ് ചെന്നൈയിൽ നിന്ന് ഇവരെ അറസ്റ്റ് ചെയ്തത്.

RNU TVPM

&&&&&&&&&&&&&&&&&

&&&&&&&&&&

&&&

RNU TVPM